പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1854      15-07-2016 - ൽ മറുപടിക്ക്

## സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ബാലൻ<br>ബഹു: പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നാക്കസമുദായ ക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പു മന്ത്രി |

| | | |
|---|---|---|
| എ | സർക്കാർ കക്ഷിയായ കേസുകൾ തീർപ്പാക്കുന്നതിൽ സർക്കാർ അഭിഭാഷകർ ഗുരുതരമായ അലംഭാവം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സർക്കാർ കക്ഷിയായ കേസുകൾ തീർപ്പാക്കുന്നതിൽ സർക്കാർ അഭിഭാഷകർ ഗുരുതരമായ അലംഭാവം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി | സർക്കാർ അഭിഭാഷകരായി നിയമിക്കപ്പെടുന്നവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | സർക്കാർ അഭിഭാഷകരായി നിയമിക്കപ്പെടുന്നവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉത്തരവാദിത്വത്തോടുകൂടി കേസുകൾ നടത്തുക എന്ന ലക്ഷ്യം ഉറപ്പുവരുത്തുന്നതിനുമായി, ദേശീയ വ്യവഹാര നയത്തിന്റെ ചുവടുപിടിച്ച് 3.12.2011-ൽ GO(P)No.12/2011/Law നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വ്യവഹാര നയം രൂപീകരിക്കുകയുണ്ടായി. ഇതു പ്രകാരം സർക്കാർ അഭിഭാഷകർക്ക് മതിയായ ഓഫീസ് അനുബന്ധ സൗകര്യങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് പോലെയുള്ള സൗകര്യങ്ങൾ, കേസുകളുടെ |

| | | |
|---|---|---|
| | | നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി CCMS എന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ എന്നിവ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ കാര്യാലയം, സബ് കോർട്ട് സെന്ററുകൾ എന്നിവിടങ്ങളിൽ നൽകി വരുന്നുണ്ട്. കൂടാതെ ഈ വ്യവഹാരനയത്തിന്റെ ഭാഗമായി ജില്ലാ കളക്ട്രേറ്റുകൾ വഴിയും സർക്കാർ അഭിഭാഷകർക്ക് കമ്പ്യൂട്ടർ നൽകി വരുന്നുണ്ട്. ഇൻ സർവ്വീസ് പരിശീലനം, പൊതുവായ റിസർച്ചിനുള്ള സൗകര്യം എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.